ഫോറസ്റ്റ് സ്റ്റേഷനുകളുടെ അതിരുകളും ആസ്ഥാനവും നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവ്

**(ജി.ഒ.(പി)9/92/വനം തീയതി 07.02.1992)**

**വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ**

## 1. വാഴച്ചാൽ റെയിഞ്ച്

(1) ഫോറസ്റ്റ് സ്റ്റേഷന്റെ പേര് : മുക്കംപുഴ

ആസ്ഥാനം : ആനക്കയം

വടക്ക്: വാഴച്ചാൽ - പറമ്പിക്കുളം റോഡ് മുതുവരച്ചാൽ പുഴ മുറിച്ചുകടക്കുന്ന സ്ഥാനത്തുനിന്നും തുടങ്ങി മുതുവരച്ചാൽ പുഴയിലൂടെ പറമ്പിക്കുളം പുഴ മുതുവരച്ചാൽ പുഴയുമായി ചേരുന്ന സ്ഥാനം വരെ എത്തി അവിടെനിന്നും പറമ്പിക്കുളം പുഴയിലൂടെ ഷോളയാർ പുഴ പറമ്പിക്കുളം പുഴയുമായി ചേരുന്നയിടം വരെ അവിടെ നിന്നും ഷോളയാർ പുഴയിലൂടെ വന്ന ഒരുക്കൊമ്പൻ വഴി ചാലക്കുടി- ആനമല റോഡിൽ 57-ാം കിലോമീറ്റർ കല്ലിൽനിന്നും നേരെ വടക്കോട്ടുള്ള ഒരു നേർരേഖ ഷോളയാർ പുഴയുമായി ഖണ്ഡിക്കുന്ന സ്ഥാനം വരെ

കിഴക്ക്: ചാലക്കുടി-ആനമല റോഡിൽ 57-ാം കിലോമീറ്റർ കല്ലിൽനിന്നും നേരെ വടക്കോട്ടുള്ള ഒരു നേർരേഖ ഷോളയാർ പുഴയുമായി ഖണ്ഡിക്കുന്ന സ്ഥാനത്തു നിന്നും ടി രേഖയിലൂടെ ചാലക്കുടി ആനമല റോഡിൽ 57-ാം കിലോമീറ്റർ കല്ലു വരെ.

തെക്ക്: ചാലക്കുടി-ആനമല റോഡിൽ 57-ാം കിലോമീറ്റർ കല്ലിൽനിന്നും തുടങ്ങി റോഡിലൂടെ പടിഞ്ഞാറോട്ട് ആനക്കയം പാലം വരെയും അവിടെ നിന്ന് പൊരിങ്ങൽ ജല സംഭരണിയുടെ വലതുകര വഴി (ഏറ്റവും ഉയർന്ന ജല നിരപ്പ് അടയാളം വരെ) പൊരിങ്ങൽ ഡാം വരെ.

പടിഞ്ഞാറ്: അവിടെനിന്നും പൊരിങ്ങൽ ഡാമിന്റെ മുകളിലൂടെ ഡാം കടന്ന് ചാലക്കുടി പുഴയുടെ വലതുകരയിലൂടെ ചാലക്കുടി പുഴ മുതുവരച്ചാൽ പുഴയുമായി ചേരുന്നിടത്തെത്തി അവിടെ നിന്നും മുതുവരച്ചാൽ പുഴയിലൂടെ വാഴച്ചാൽ-പറമ്പിക്കുളം റോഡ് മുതുവരച്ചാൽ പുഴ മുറിച്ചു കടക്കുന്നയിടം വരെ (വടക്കേ അതിർത്തി തുടങ്ങുന്ന സ്ഥലം )